'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ ഒന്നാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അര ലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെ സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് — ജനറൽ കൺവീനർ
10-12-2007



# ഇസ്‌ലാമിനെ അടുത്തറിയുക

സുഹൃത്തേ,
ക്ഷേമം നേരുന്നു.

സർവശക്തനായ രക്ഷിതാവിൽ നിന്നുള്ള രക്ഷയും സമാധാനവും താങ്കൾക്കും കുടുംബത്തിനുമുണ്ടാകട്ടെ എന്ന് പ്രാർഥിക്കുന്നു. തിരക്കാണെന്നറിയാം. എങ്കിലും ചില കാര്യങ്ങൾ ഹൃദയപൂർവം ഉണർത്തട്ടെ.

വർഷാന്തരങ്ങൾക്കപ്പുറത്തൊരു കാലം. ഭൂമിയിൽ ഒരേയൊരു കുടുംബം മാത്രം. അവരുടെ വീട് നമ്മുടെ വീടു പോലെയല്ല. അവരുടെ ഭക്ഷണം നമ്മുടേതു പോലെയല്ല. അവരുടെ സംസാരവും ഭാഷയും തീർത്തും വ്യത്യസ്തം. എല്ലാമെല്ലാം നമ്മിൽ നിന്നും ഭിന്നമായത്. പക്ഷേ ഒന്നു മാത്രം നമ്മുടേതു പോലെ തന്നെ. മനസ്സിന്റെ വേദനകളും വ്യഥകളും. വേദനയുടെയും നിസ്സഹായതയുടെയും ജീവിതവേളകളിൽ നിന്ന് നമ്മളെപ്പോലെ തന്നെ അവരും ദൈവത്തെ വിളിച്ചു. സർവലോകങ്ങളുടെയും അധിപനായ സ്രഷ്ടാവിനെ അവരും വണങ്ങി, പ്രാർഥിച്ചു. ആദിമനുഷ്യൻ ആദമിന്റേതായിരുന്നു ആ കുടുംബം. ആ കുടുംബത്തിന്റെ പ്രാർഥന കേട്ടവനായ ദൈവം നമ്മുടെ പ്രാർഥനയും കേട്ടുകൊണ്ടിരിക്കുന്നവൻ തന്നെ.

ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ്; ഇവിടെയുള്ളതെല്ലാം സൃഷ്ടികളും. സൃഷ്ടികൾക്കൊരിക്കലും സ്രഷ്ടാവിനെപ്പോലെയാകാൻ സാധ്യമല്ല. ദൈവം പ്രപഞ്ചത്തിലെ സൃഷ്ടികളോട് ഉപമിക്കാവുന്ന ഒന്നല്ല എന്നർഥം. ഈ പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടി മാഹാത്മ്യത്തിന്റെ ഉത്തമനിദർശനമാണ്. നമുക്കറിയുന്നതുപോലെ നാമൊരു വസ്തു നിർമിച്ചു. ആ വസ്തുവിന് നമ്മെപ്പോലെ കേൾക്കാനോ കാണാനോ ചിന്തിക്കാനോ മനസ്സിലാക്കാനോ കഴിയുകയില്ല. അതേ സമയം നാം നിർമിച്ച വസ്തു നമ്മുടെ കഴിവിന്റെയും വൈദഗ്ധ്യത്തിന്റെയും തെളിവായിരിക്കും.

ഇതേ പോലെ പ്രപഞ്ചത്തിലെ ഒരു വസ്തുവിനും സ്രഷ്ടാവിനെപ്പോലെ ചിന്തിക്കാനോ മനസ്സിലാക്കാനോ ആവില്ല. അവയൊന്നും ദൈവത്തെപ്പോലെ സർവശക്തരോ സർവജ്ഞരോ അല്ല. അതേ സമയം അവയൊക്കെയും ആ മഹാശക്തിയുടെ ഉന്നത വൈദഗ്ധ്യത്തിന്റെ തെളിവുകളാണു താനും. അതിനാൽ പ്രപഞ്ചത്തിന്റെയും അതിലുള്ള സകലതി

ന്റെയും സ്രഷ്ടാവും സംരക്ഷകനുമായ ദൈവമാണ് ആരാധനകൾക്കും പ്രാർഥനകൾക്കും അർഹൻ.

ഈ ലോകത്തേക്കൊന്നു നോക്കൂ.

ചിതലിന്റെ പുറ്റ്. അതെത്ര മനോഹരമാണ്! ഭദ്രമായ അനേകം അറകളോടുകൂടിയ അതിന് 25 അടി വരെ ഉയരമുണ്ടാകാറുണ്ട്. ചിതലിന്റെ വലുപ്പവും അതു നിർമിക്കുന്ന പുറ്റിന്റെ ഉയരവും താരതമ്യം ചെയ്ത് മനുഷ്യൻ അതുപോലുള്ളതൊന്ന് നിർമിക്കുകയാണെങ്കിൽ ചുരുങ്ങിയത് ആയിരം നിലയുള്ള കെട്ടിടമെങ്കിലും നിർമിക്കേണ്ടിവരും. തവള അതിന്റെ വലുപ്പത്തിന്റെ ഇരുപത് ഇരട്ടിയോളം ദൂരേക്ക് ചാടാൻ കഴിവുള്ള ജീവിയാണ്. പുൽച്ചാടിയുടെ സ്ഥിതിയോ? ഉടലിന്റെ വലുപ്പത്തെക്കാളും ഇരുനൂറ് മടങ്ങ് ദൂരേക്ക് ചാടാനാകും. ദേശാടന പക്ഷികൾ നല്ല കാലാവസ്ഥ തേടി പതിനായിരിക്കണക്കിന് കിലോമീറ്റർ പാറിനടക്കുന്നു. നിശാശലഭങ്ങൾ ശരീരഗന്ധം കൊണ്ട് പതിനൊന്ന് കിലോമീറ്റർ വരെ അകലെയുള്ള പുരുഷ ശലഭത്തെ ആകർഷിക്കുന്നു. നായയുടെ ഘ്രാണശക്തിയും കഴുകന്റെ കാഴ്ചശക്തിയും അത്ഭുതകരമാണ്. മനുഷ്യന്റെ ശരീര ഘടനയോ? കോടിക്കണക്കിന് മനുഷ്യരുണ്ട് ഈ ലോകത്ത്. ഒരേ വായു, ഒരേ വെള്ളം, ഒരേ ഭൂമിക്കുമുകളിൽ സൂര്യനു താഴെ സർവരും ജീവിക്കുന്നു. എന്നിട്ടും ഒരാളെപ്പോലെ മറ്റൊരാളില്ല. ഒരു കൈകൊണ്ട് പൊത്തിപ്പിടിക്കാൻ മാത്രം വലുപ്പമുള്ള നമ്മുടെ മുഖങ്ങൾ എത്രയോ വ്യത്യസ്തം. വിരലറ്റം മുതൽ സർവശരീരഭാഗങ്ങളും വ്യത്യസ്തം.

ഒരേ മണ്ണിൽ നിന്നു വളരുന്ന ചെടികൾക്ക് വ്യത്യസ്ത നിറങ്ങൾ, സുഗന്ധങ്ങൾ... ഇനിയൊന്ന് ചിന്തിച്ചു നോക്കൂ ആരാണിതെല്ലാം സൃഷ്ടിച്ചത്? ഇതെല്ലാം വെറുതെയങ്ങ് ഉണ്ടായി എന്നു വിശ്വസിക്കാൻ നമ്മുടെ ബുദ്ധി അനുവദിക്കുമോ? ഇല്ല. തീർച്ചയായും ഇതിന്റെ പിന്നിലൊരു ശക്തിയുണ്ട്. അവനാണ് സാക്ഷാൽ ദൈവം. ഏകനും സർവജ്ഞനുമായ അല്ലാഹു.

### ദൈവം ഏകൻ

ഈ പ്രപഞ്ചം വളരെ വ്യവസ്ഥാപിതവും ക്രമാനുസൃതവുമായി നീങ്ങുകയാണ്. ലോകഘടനയിലെങ്ങും തികഞ്ഞ ക്രമവും ആസൂത്രണവും പ്രകടമാണ്. ഈ ആസൂത്രണത്തിന്റെയും ഐക്യത്തിന്റെയും പിന്നിൽ ജീവനോ ബുദ്ധിശക്തിയോ ഇല്ലാത്ത 'പ്രകൃതി'യല്ല. ഒന്നിലധികം ബുദ്ധികളില്ല. ഒരേയൊരു ബുദ്ധിയും ഒരേയൊരു നിയന്ത്രണവും മാത്രം. അവനാണ് ഏകനായ ദൈവം.

കോടിക്കണക്കിന് മനുഷ്യർക്ക് അറിവും ബോധവും യുക്തിയും ശക്തിയും നല്കിയത്, അതിരുകളില്ലാത്ത അറിവിന്റെയും ശക്തിയുടെയും ഉടമയായ ഏകനായ ദൈവമാണെന്ന് അഹങ്കാരമില്ലാത്ത ആരും സമ്മതിക്കും.

അനാദിയായ ഒന്ന് ഉണ്ടായേ തീരൂവെന്ന് എല്ലാവരും സമ്മതിക്കു



ന്നുണ്ട്. ഇസ്‌ലാം ദൈവത്തിന്റെ ഏകത്വം ഊന്നിപ്പറയുന്നു. അവനെ മാത്രമേ വിളിച്ചു പ്രാർഥിക്കുകയും ആരാധിക്കുകയും ചെയ്യാവൂ എന്ന് കണിശമായി കല്പിക്കുന്നു. ദൈവത്തിന്റെ സത്തയിലും അധികാരങ്ങളിലും നാമഗുണങ്ങളിലും അവനു പങ്കുകാരെ കല്പിക്കുന്നത് കടുത്ത അപരാധമാണ്.

### പ്രാർഥന അല്ലാഹുവോട് മാത്രം

കരുണാവാരിധിയും സർവോക സ്രഷ്ടാവുമായ അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുകയും ആരാധനകളും അനുഷ്ഠാനങ്ങളുമെല്ലാം അവങ്കലേക്കു മാത്രമാക്കുകയും ചെയ്യുക എന്നതാണ് ഇസ്‌ലാമിന്റെ പ്രധാന സന്ദേശം. ബഹുദൈവരാധനയാണ് സകല തിന്മകളുടെയും പ്രഭവ കേന്ദ്രമെന്നാണ് ഇസ്‌ലാമിക വീക്ഷണം. വിശുദ്ധ ഖുർആനിൽ ഏറ്റവുമധികം വിമർശിക്കപ്പെട്ടത് ബഹുദൈവാരാധനയാണ്. ഏറ്റവും വലിയ പാപമാണത്. അല്ലാഹുവിന്റെ സത്തയിലോ ഗുണങ്ങളിലോ പ്രവർത്തനങ്ങളിലോ മറ്റുള്ളവരെ പങ്കുചേർക്കലാണ് ശിർക്ക് അഥവാ ബഹുദൈവ വിശ്വാസം. ഇടയാളന്മാരും ഇടത്തട്ടുകേന്ദ്രങ്ങളുമില്ലാതെ വേണം അവനോട് പ്രാർഥിക്കാൻ. ഏതു മഹാപാപിയോടും പൊറുക്കാൻ കാരുണ്യമുള്ളവനാണവൻ. വിശുദ്ധ ഖുർആൻ പറയുന്നു: "തന്നോട് പങ്കു ചേർക്കുക എന്നത് അല്ലാഹു പൊറുക്കുകയില്ല, തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ആർ അല്ലാഹുവിൽ പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം വഴി പിഴച്ചു പോയിരിക്കുന്നു." (4:116)

പരമദയാലുവായ അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്നതും പ്രാർഥിക്കപ്പെടുന്നതും ആരായിരുന്നാലും മുസ്‌ലിം അവരെ കൈവെടിയണം. ആരാധിക്കപ്പെടുന്നത് പരിശുദ്ധനായാലും പിശാചായാലും സമമാണ്. രണ്ടും അതിന് അർഹരല്ല. ഇബ്റാഹീം പ്രവാചകൻ പറഞ്ഞു പോലെ: "എന്നാൽ അവർ എന്റെ ശത്രുക്കളാകുന്നു. ലോക രക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരവും കുടിനീരും നല്കുന്നവൻ, ഞാൻ രോഗിയായാൽ അവനാണ് സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവൻ. പ്രതിഫല നാളിൽ ആർ എന്റെ തിന്മകൾ പൊറുത്തു തരുമെന്ന് ഞാൻ ആശിക്കുന്നുവോ, അവൻ" (ഖുർആൻ: 26:77-82)

### മുഹമ്മദ് നബി(സ)

മുഹമ്മദ് നബി തിരുമേനിയെ പ്രവാചകനായി അംഗീകരിക്കലും സാക്ഷ്യപ്പെടുത്തലുമാണ് ഇസ്‌ലാമിക ജീവിതത്തിന്റെ സുപ്രധാനമായ മറ്റൊരു കാര്യം. അല്ലാഹുവിന്റെ ബോധനങ്ങൾക്കനുസരിച്ചുമാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് നമുക്ക് മാർഗദർശനം

നല്കിയ മാതൃകയാണ് മുഹമ്മദ് നബി. ഇതംഗീകരിക്കുന്ന ഏതൊരു മുസ്‌ലിമും നബിതിരുമേനിയുടെ ജീവിത രീതി പിന്തുടരാൻ ബാധ്യസ്ഥ നാണ്. നന്മയും തിന്മയും നിശ്ചയിക്കാനുള്ള അളവു കോൽ പ്രവാചക തിരുമേനിയുടെ ജീവിതമാണ്. ധർമാധർമങ്ങളെ കൃത്യമായി വേർതിരിച്ച് വിവരിച്ചു തന്നതിനുശേഷമാണ് നബി തിരുമേനി വിടവാങ്ങിയത്. അവി ടുത്തെ ജീവിതം ഒന്നൊഴിയാതെ പകർത്തപ്പെട്ടിരിക്കുന്നു. സംസാരങ്ങളും കർമങ്ങളും മൗനങ്ങൾ പോലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിനെ മുറ തെറ്റാതെ പിന്തുടരേണ്ടത് ഇസ്‌ലാമിക ജീവിതത്തിന്റെ ചിട്ടകളിൽ പ്രധാനമാണ്. അല്ലാഹു പയുന്നു: "തീർച്ചയായും അല്ലാഹുവിന്റെ ദൂത നിൽ നിങ്ങൾക്ക് മികച്ച മാതൃകയുണ്ട്. അല്ലാഹുവിനെ ധാരാളമായി ഓർക്കുന്നവർക്കും അല്ലാഹുവിനേയും പരലോകത്തേയും പ്രതീക്ഷിക്ക ുന്നവർക്കും" (60:2)

മുഹമ്മദ് നബി ഈ ലോകത്തിലെ അവസാന മനുഷ്യൻവരെയുള്ള സർവർക്കും മാർഗദർശിയാണ്. ലോകത്തിന് കാരുണ്യമായി അവതരിച്ച റസൂൽ. ലോകാന്ത്യം വരെയുള്ള സർവർക്കും മാർഗദർശനമായി അവ തരിച്ച വിശുദ്ധ ഖുർആനിന്റെ സന്ദേശവാഹകൻ. അവിടുത്തെ കിടപ്പറ മുതൽ പള്ളിമിമ്പർ വരെ മുഴുജീവിത മേഖലകളും മാതൃകയുള്ളതാണ്. നബി തിരുമേനിയെ സ്വന്തത്തേക്കാൾ സ്നേഹിക്കേണ്ടവനാണ് മുസ്‌ലിം. ഉള്ളു നിറയെ ഇഷ്ടപ്പെട്ടും ജീവിതം നിറയെ മാതൃകയാക്കിയും അല്ലാ ഹുവിന്റെ റസൂലിനെ നാം പിന്തുടർന്നുകൊണ്ടേയിരിക്കുക. "നബിയേ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്." (3:30)

## പ്രതിഫല നാൾ

ഭൗതികജീവിതം കർമങ്ങളുടെ വേളയാണ്. ഓരോ നിമിഷവും ഉപ യോഗപ്പെടുത്തി ധന്യമാക്കേണ്ട അവസരം. ഒറ്റ പ്രാവശ്യം മാത്രം ലഭി ക്കുന്ന കർമവേദി. ജീവിതവും മരണവും ഉണ്ടാക്കിയത്, മനുഷ്യരിലാ രാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്നു നിരീക്ഷിക്കാനാണെന്ന് വിശുദ്ധ ഖുർആൻ (സൂറ: മുൽക് :2) പറയുന്നു.

കർമങ്ങൾ കണക്കു നോക്കുന്ന ഒരു ലോകമുണ്ട്. ആ ലോകത്തിലെ വിജയത്തിനായാണ് മുസ്‌ലിമിന്റെ പ്രവർത്തനം. ജീവിതം മുഴുവൻ സൂക്ഷ്മത നിറഞ്ഞതാക്കേണ്ടത് ആ ലോകത്തിലെ ശിക്ഷയെ ഭയന്നു കൊണ്ടായിരിക്കണം. ഒരു മുസ്‌ലിം മദ്യപിക്കാത്തത് കരൾരോഗം വരു മെന്ന ഭയം കൊണ്ടല്ല. മറിച്ച് മദ്യപാനം നരകശിക്ഷയ്ക്ക് വിധേയമാ ക്കുന്ന പ്രവർത്തനമാണെന്നതിനാലാണ്. ഇങ്ങനെയാണ് ഓരോ തിന്മ യിൽ നിന്നും സത്യവിശ്വാസി അകലുന്നത്. നന്മകൾ ചെയ്യുന്നത് ഈ ലോകത്തെ എന്തെങ്കിലും നേട്ടങ്ങൾ ആഗ്രഹിച്ചുകൊണ്ടല്ല. മറിച്ച് ആ



നന്മകൾക്ക് പരലോകത്ത് സ്വർഗം ലഭിക്കുമെന്ന വിശ്വാസം കൊണ്ടും ലഭിക്കണമെന്ന ആഗ്രഹം കൊണ്ടുമാണ്. പ്രവർത്തിക്കേണ്ട ചുമതല മനുഷ്യനാണ്. പ്രതിഫലം അല്ലാഹു നല്കുമെന്ന് ഖുർആൻ പറയുന്നു. അല്ലാഹുവിന്റെ ഈ വാഗ്ദാനമാണ് സത്യവിശ്വാസിയുടെ കർമങ്ങൾക്ക് പ്രേരണ. "അന്നേ ദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്ന താണ്. അവർക്ക് അവരുടെ കർമങ്ങൾ കാണിക്കപ്പെടേണ്ടതായിട്ട്. അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവ നത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ഖുർആൻ: 99:7-8)

ഈ ലോകം അവസാനിക്കാനുള്ളതാണ്. എല്ലാം ഒടുങ്ങിത്തീരുന്ന ഒരു ദിനമുണ്ട്. വിശുദ്ധ ഖുർആൻ ഇക്കാര്യം നിരന്തരം ഉണർത്തുന്നു. ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും ഇതിൽനിന്ന് ഭിന്നമല്ല. എല്ലാം തകർന്നടിഞ്ഞതിനുശേഷം മറ്റൊരു ലോകത്ത് സർവരും ഒന്നിച്ചുകൂടുന്നു. സർവലോക രക്ഷിതാവ് സർവരുടെയും കർമങ്ങളുടെ കണക്ക് നോക്കി പ്രതിഫലം വിധിക്കുന്നു. സ്വർഗമോ നരകമോ ഓരോരുത്തർക്കും ലഭി ക്കുന്നു. തിന്മകളുടെ കർമപുസ്തകം മാത്രമുള്ളവർ ആ ലോകത്ത് നര കാവകാശികളായി പരാജയപ്പെടുന്നു. നന്മയിലൂടെ ജീവിച്ച് ധന്യരായ വർ സ്വർഗത്തിൽ പ്രവേശിക്കുന്നു.

## ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്

ഇന്നേറ്റവും ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ് നീതി. അടിച്ചമർത്ത പ്പെടുകയും ആട്ടിയകറ്റപ്പെടുകയും ചെയ്യുന്ന ജനലക്ഷങ്ങൾ അതാഗ്ര ഹിക്കുന്നു. രാജ്യം നേടിയ സ്വാതന്ത്ര്യത്തിന്റെ പങ്കുപറ്റാനാകാതെ ചേരി കളിൽ പട്ടിണി തിന്നുകഴിയുന്ന മനുഷ്യരെ കാണാതെയും അവർക്കു വേണ്ടി പോരാടാതെയും ഒരു പ്രസ്ഥാനത്തിനും മുന്നോട്ടു പോകാനാ വില്ല. ഇസ്‌ലാം നീതിയുടെ നേർമതമാണ്. "നീതി കാണിക്കുക, അത് ഭക്തിയോട് ഏറ്റവും അടുത്തതാണ്'' എന്ന് വിശുദ്ധ ഖുർആൻ ഉണർത്തുന്നു. അവഗണിക്കപ്പെട്ട അനാഥർക്കും ആശ്രിതരില്ലാത്ത അഗ തികൾക്കും താങ്ങ് നഷ്ടപ്പെട്ട വിധവകൾക്കും താങ്ങാനാവാത്ത ജീവി തഭാരമുള്ളവർക്കും ചൂഷിതകർക്കും വേണ്ടി പോരാടാൻ കല്പിക്കുന്ന മതമാണ് ഇസ്‌ലാം. "പുരുഷനും സ്ത്രീകളും കുട്ടികളുമായ ദുർബ ലർക്കു വേണ്ടി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ എന്തുകൊണ്ട് യുദ്ധം ചെയ്യുന്നില്ല" എന്ന് ഖുർആൻ (4:75) ചോദിക്കുന്നു. നിഷേധിക്ക പ്പെട്ട നീതിക്കു വേണ്ടി മൂസാപ്രവാചകൻ ഇസ്റായേൽ മക്കൾക്കുവേണ്ടി ഫറോവയോട് പൊരുതി. "അല്ലാഹുവേ, ദുർബലരായ സ്ത്രീകളുടെയും അനാഥരുടെയും അവകാശത്തെ ഞാൻ ആദരിക്കുന്നു" എന്ന് നബി തിരു മേനി പ്രാർഥിക്കാറുണ്ടായിരുന്നു. ഏറ്റവും നല്ല മുസ്‌ലിം വീട് അവിടെ യുള്ള അനാഥയോട് നന്നായി പെരുമാറുന്നതും, മോശം വീട് അനാഥ യോട് നിന്ദ്യമായി പെരുമാറുന്നതുമാണെന്ന് നബി ഉണർത്തി. ജാതിയു

ടെയോ കുടുബത്തിന്റെയോ പണത്തിന്റെയോ ദേശാതിർത്തികളുടെയോ പേരിൽ ഒരാൾക്കും നീതി നിഷേധിക്കപ്പെടരുതെന്ന് ഇസ്‌ലാം ഉണർത്തുന്നു.

മർദകരുടെ പക്ഷം മതത്തിന്റെ പക്ഷമല്ല. മർദിക്കപ്പെടുന്നവർക്ക് ആശ്വാസമാകേണ്ടതാണ് മതം. മർദിക്കപ്പെടുന്നത് മണ്ണാകാം, മനുഷ്യനാകാം, ജലമാകാം, ജീവജാലമാകാം- ഏതായിരുന്നാലും അതിന്റെ കൂടെയാണ് മതം. ആട്ടിയകറ്റപ്പെട്ടവർക്ക് അഭയമായും നാവറുക്കപ്പെട്ടവർക്ക് നാവായും ഇസ്‌ലാം ഒപ്പമുണ്ട്..നന്മയുടെയും നീതിയുടെയും പ്രോജ്വലസന്ദേശമാണ് അല്ലാഹുവിന്റെ മതം. ഈ സന്ദേശം ഇന്ന് കൂടുതൽ ഉയർന്ന് കേൾക്കേണ്ടിയിരിക്കുന്നു.

**മുജാഹിദ് പ്രസ്ഥാനം**

മതപരവും സാമൂഹികവുമായ നവോത്ഥാനത്തിലൂടെ ഉണർവ് നേടിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ മുസ്‌ലിം നവോത്ഥാനത്തിന് നായകത്വം വഹിച്ച പ്രസ്ഥാനമാണ് മുജാഹിദ് പ്രസ്ഥാനം. വിശ്വാസപരമായ നവോത്ഥാനത്തിലൂടെ വിദ്യാഭ്യാസപരവും സാമൂഹികവുമായ പരിവർത്തനത്തിലേക്ക് കേരള മുസ്‌ലിംകളെ മുജാഹിദുകൾ നയിച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിലുള്ള വിശ്രമമില്ലാത്ത പോരാട്ടമാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അതോടൊപ്പം തന്നെ സമുദായത്തിന്റെ സർവതോമുഖമായ വികാസത്തിനും രാജ്യത്തിന്റെ ക്ഷേമത്തിനും പ്രതിജ്ഞാബദ്ധമാണ് ഈ പ്രസ്ഥാനം. അബുൽ കലാം ആസാദ്, വക്കം മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, കെ എം മൗലവി തുടങ്ങിയ മഹാരഥന്മാർ തുടക്കുമിട്ട് വളർത്തിയെടുത്ത പ്രസ്ഥാനം. കേരള മുസ്‌ലിം ഐക്യസംഘം എന്ന പേരിൽ 1920 കളിൽ തുടക്കം കുറിച്ച്, കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്‌വത്തുൽ മുജാഹിദീൻ, ഐ എസ് എം, എം എസ് എം, എം ജി എം തുടങ്ങിയ ഘടകങ്ങളിലൂടെ വിപുലമായ കർമമേഖലകളിൽ പ്രസ്ഥാനം സജീവമാണ്. തീവ്രവാദത്തോടും വർഗീയതയോടും സന്ധിയില്ലാത്ത പോരാട്ടം നടത്തുന്ന പ്രസ്ഥാനമാണിത്. മദ്റസാ വിദ്യാഭ്യാസം, സ്ത്രീ പള്ളി പ്രവേശം, ഇംഗ്ലീഷ് പഠനം തുടങ്ങിയ വിപ്ലവകരമായ പ്രവർത്തനങ്ങൾക്ക് മുസ്‌ലിം സമുദായത്തിന് മുന്നിൽ നടന്ന് നേതൃത്വം വഹിച്ചത് മുജാഹിദ് പ്രസ്ഥാനമാണ്. നൂറുകണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും ഉന്നത കലാലയങ്ങളുടെയും ഉടമകളായി മുസ്‌ലിംകൾ മാറിയതിൽ പ്രസ്ഥാനത്തിന്റെ മാർഗദർശനം പ്രധാനമാണ്.

**ഏഴാം സംസ്ഥാന സമ്മേളനം**

മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തനവൈപുല്യം അടയാളപ്പെടുത്തിയത് വ്യത്യസ്ത കേന്ദ്രങ്ങളിൽ നടന്ന സംസ്ഥാന സമ്മേളനങ്ങളായിരുന്നു. കഴിഞ്ഞ ആറു സംസ്ഥാന സമ്മേളനങ്ങൾ പ്രസ്ഥാനത്തിന്റെ



ചരിത്രത്തിൽ ഉജ്വലമായ അധ്യായങ്ങളായിരുന്നു. പുളിക്കൽ, ഫറോഖ്, കുറ്റിപ്പുറം, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നടന്ന മുജാഹിദ് സമ്മേളനങ്ങളിൽ ലോകപ്രശസ്തരായ പണ്ഡിതരും നേതാക്കളും പങ്കെടുത്തു. മുജാഹിദ് സംസ്ഥാന സമ്മേളനങ്ങൾ ശ്രദ്ധേയമായത് അതിൽ ഉന്നയിക്കപ്പെട്ട പ്രമേയങ്ങളിലൂടെയായിരുന്നു. കാലികവും സമൂഹത്തിന്റെ ഉള്ളുണർത്തുന്നതുമായ പ്രമേയങ്ങളാണ് സമ്മേളനങ്ങളിൽ ചർച്ച ചെയ്യപ്പെട്ടത്. **‘ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്’** എന്നതാണ്,വയനാട്ടിൽ നടക്കുന്ന ഏഴാം സംസ്ഥാന സമ്മേളനത്തിന്റെ പ്രമേയം.

സുഹൃത്തേ,

നിങ്ങൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുക. ഞങ്ങൾക്ക് നിങ്ങളുമായി കുറെ കാര്യങ്ങൾ പങ്കുവെക്കാനുണ്ട്. ഈ പ്രസ്ഥാനത്തെ നിങ്ങൾ അടുത്തറിയണം, ഈ മഹാസന്ദേശത്തിന്റെ വാഹകരാകാൻ നിങ്ങളും വരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

കാരുണ്യവാനായ രക്ഷിതാവിന്റെ കൃപയും കടാക്ഷവും നിങ്ങൾക്കും കുടുംബത്തിനുമുണ്ടാവട്ടെ എന്ന പ്രാർഥനയോടെ,

ISLAM FOR JUSTICE & GOODNESS

**MUJAHID 7th STATE CONFERENCE WAYANAD**

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-314566